പിന്നാക്കസമുദായോദ്ധാരണം.

* 219. [32] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പിന്നാക്കസമുദായോദ്ധാരണത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യ എത്ര ;

(ബി) 1955 മാർച്ച് 30-ാംതീയതി വരെ എന്തു ചെലവായിട്ടുണ്ട് ;

(സി) എന്തെല്ലാം പ്രവർത്തനങ്ങൾക്കുവേണ്ടി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 67 ലക്ഷം രൂപ.

(ബി) 46,95,114 രൂപ 10 അണ ചെലവായി.

(സി) 1. കാർഷികവികസനവും ഗ്രാമോദ്ധാരണവും,
2. ശതാശതസൗകര്യം, 3. വിദ്യാഭ്യാസം,
4. വൈദ്യസഹായം, 5. പൊതുജനാരോഗ്യം,
6. ക്ഷേമപ്രവർത്തനങ്ങൾ, 7. മറ്റുപ്രവർത്തനങ്ങൾ

ഇതൊക്കെയാണ്. ഈ ഇനങ്ങൾക്കുവേണ്ടിയാണ് ചെലവായിട്ടുള്ളതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിനു മുൻപു് മിച്ചമുള്ള സംഖ്യകൂടി മുൻപറഞ്ഞ ഇനങ്ങൾക്കുവേണ്ടി ചെലവാക്കാൻ സാധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മിക്കവാറും സാധിക്കുമെന്നാണ് പ്രതീക്ഷ.

മത്സ്യത്തൊഴിലാളി പരസ്പരസഹായസംഘങ്ങൾ.

* 220. [33] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിൽ പിന്നാക്കസമുദായത്തിൽപ്പെട്ട എത്ര മത്സ്യത്തൊഴിലാളി പരസ്പരസഹായസംഘങ്ങൾ ഉണ്ട് ;

(ബി) ഒന്നാംപഞ്ചവത്സരപദ്ധതി നടപ്പിലാക്കിയതിനുശേഷം ഈ സംഘങ്ങൾക്കു് ഗവണ്മെൻറിൽ നിന്നു് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ;

(സി) എന്തെല്ലാം ;

(ഡി) തൃശ്ശൂർ ഡിസ്ട്രിക്ടിലെ 6 മത്സ്യത്തൊഴിലാളി സംഘങ്ങൾക്കുകൂടിയായി ഒരു മെമ്മോറാണ്ടം ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) അതിൽ എന്തു നടപടി എടുത്തു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഈ സ്റ്റേറിൽ പിന്നാക്കസമുദായത്തിൽപ്പെട്ട നാൽപത്തിനാലു് മത്സ്യത്തൊഴിലാളിസംഘടനകളും ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly